# എത്യോപ്യയിൽ പ്രധാനമന്ത്രിക്ക് ഊഷ്മളമായ സ്വീകരണം ലഭിച്ചു (ഡിസംബർ 16, 2025)

ഡിസംബർ 16, 2025

എത്യോപ്യയിലേക്കുള്ള തന്റെ ആദ്യ ഉഭയകക്ഷി സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി അഡിസ് അബാബയിലെത്തി. വിമാനത്താവളത്തിൽ എത്തിയ അദ്ദേഹത്തെ സൗഹാർദ്ദ സൂചകമായി എത്യോപ്യൻ പ്രധാനമന്ത്രി ഡോ. അബി അഹമ്മദ് അലി എത്തി സ്വീകരിച്ചു. സ്വീകരണം തികച്ചും ഊഷ്മളവും വർണ്ണാഭവുമായിരുന്നു.

2. ഇന്ത്യയും എത്യോപ്യയും തമ്മിലുള്ള ചരിത്രപരമായ ബന്ധം ശക്തമായ ജനങ്ങൾ തമ്മിലുള്ള ബന്ധത്തിൽ അധിഷ്ഠിതമായതാണ്. ഗ്ലോബൽ സൗത്ത് പങ്കാളികൾ എന്ന നിലയിൽ ഇരു രാജ്യങ്ങളും പരസ്പരം നൽകുന്ന പ്രാധാന്യത്തിന്റെ പ്രതിഫലനമാണ് എത്യോപ്യൻ നേതൃത്വം നൽകിയ ഈ സവിശേഷ സ്വീകരണം.

**അഡിസ് അബാബ**

**ഡിസംബർ 16, 2025**